LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. വി.ഡി. സതീശൻ പറഞ്ഞകാര്യം ക്രമപ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ നടന്ന ബിസിനസിന്റെ അനുബന്ധമായിട്ടാണ് ഞാൻ സൂചിപ്പിച്ചത്. കഴിഞ്ഞ നാലഞ്ച് ദിവസമായി ഈ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെട്ടുകയാണ്. അതിന്റെ ഒരു ഭാഗമായിരുന്നു കൃാബിനറ്റ് രേഖ ചോർന്നുപോകുന്നുവെന്നുള്ളത്. അതിന്റെ ഭാഗമായിട്ടാണ് ഞാൻ ഇവിടെ ക്രമപ്രശ്നം കൊണ്ടുവന്നത്. ഈ സഭയിൽ വന്നതാണ്. ഈ സഭയിൽ വരാത്ത ഒരു കാര്യമല്ല.

ശ്രീ. വി. ഡി. സതീശൻ: കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷന്റെ violation ആണ്.

റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ ഒരു ക്രമപ്രശ്നം ഇവിടെ ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞു. കൃാബിനറ്റ് രഹസ്യമെന്നുപറയുന്നത് കൃാബിനറ്റ് കഴിയുന്നതുവരെ മാത്രമേ ഉള്ളൂ. അതു കഴിഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അത് സെക്ഷനിലേക്ക് പോകയാണ്. എന്നാൽ മാത്രമേ അതിനെ സംബന്ധിച്ച് ഓർഡർ ആകുകയുള്ളൂ. അങ്ങ് ഉന്നയിച്ച പ്രശ്നം എന്നുപറയുന്നത് വളരെ മുമ്പുള്ള കൃാബിനറ്റ് തീരുമാനത്തെ തുടർന്നുള്ള നടപടികളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എ.കെ. ബാലൻ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

VI മേശപ്പുറത്തു വച്ച കടലാസുകൾ

(1) ലിസ്റ്റ് I പ്രകാരം

I. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്തു വയ്ക്കുന്നു :

1. കണ്ണൂർ സർവ്വകലാശാലയുടെ 2005-06-ലെ ഓഡിറ്റ് റിപ്പോർട്ട്
2. കണ്ണൂർ സർവ്വകലാശാലയുടെ 2011-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2005-06, 2006-07, 2009-10 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്